(ബി) പല പ്രവൃത്തികൾക്കും ടെണ്ടർ എക്സസ് അനുവദിക്കുന്ന സമയത്ത് ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏല്പിക്കുന്നത് മികച്ച അക്രെഡിറ്റഡ് ഏജൻസികളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതുതരത്തിൽ ഈ പ്രശ്നത്തെ പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രഷറികളുടെ പുനരുദ്ധാരണം

65(5223) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ പുനരുദ്ധാരണത്തിനും പുതിയവ നിർമ്മിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കാൻ ധനകാര്യവകുപ്പ് ചുമതലപ്പെടുത്തിയിരുന്ന ഏജൻസികൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കാമോ?

2011-2014, 2016-2020 എന്നീ കാലഘട്ടങ്ങളിൽ നടന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്ക് പ്രധാനമായും ഇൻകെൽ ലിമിറ്റഡിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ച പൊൻകുന്നം, ഹരിപ്പാട്, മുളന്തുരുത്തി, തൃപ്രയാർ എന്നീ ട്രഷറിയുടെ ഫർണിഷിംഗ് ജോലികൾ ARTCO LTD മുഖേനെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ട്രഷറി ഡയറക്ടറേറ്റിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ INKEL Ltd.-ന് നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണാനുമതി ലഭ്യമായിട്ടുള്ളതും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചുകിട്ടിയതുമായ 14 ട്രഷറിയുടെ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കായി പുതിയ ഒരു അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയ ട്രഷറികളുടെ നിർമ്മാണത്തിന് മുന്നോടിയായി ഡി.പി.ആർ. തയ്യാറാക്കാൻ ധനവകുപ്പ് ഏജൻസികളെ നിശ്ചയിച്ച് ഉത്തരവിറക്കുമോ; വിശദമാക്കാമോ?

ഉത്തരവിറക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ 2021-22-ലേയ്ക്കുള്ള ബഡ്ജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. വകുപ്പിന്റെ മുൻ ബഡ്ജറ്റിൽതന്നെ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊയിലാണ്ടി സബ് ട്രഷറി പ്രവർത്തിച്ചുവരുന്ന ശോച്യാവസ്ഥയിലുള്ള കെട്ടിടം നിലവിൽ സ്ഥിതി ചെയ്യുന്നതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 4 ആർ സ്ഥലം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പിന് അനുവദിച്ചുനൽകുന്നതിന്, കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിലേയ്ക്കുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചുവരികയുമാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പുതിയ അക്രെഡിറ്റഡ് ഏജൻസിയെ അനുവദിച്ച ലഭ്യമാകുന്ന മുറയ്ക്കും DPR തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം വകുപ്പിൽനിന്നും അക്രെഡിറ്റഡ് ഏജൻസിക്ക് നൽകുന്നതാണ്.

(ഡി) എങ്കിൽ ഏത് ഏജൻസി/വകുപ്പ്/എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് ഡി.പി.ആർ./എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത്; വിശദമാക്കാമോ?

പുതിയ അക്രെഡിറ്റഡ് ഏജൻസിയെ അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്കും, സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പ്രസ്തുത അക്രെഡിറ്റഡ് ഏജൻസി മുഖേന DPR തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ച മാർഗ്ഗങ്ങൾ

66(5224) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ്, രണ്ട് പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവയെ ധീരമായി നേരിട്ട്, സാമ്പത്തിക അച്ചടക്കം പാലിക്കാൻ എന്തൊക്കെ നടപടികളായിരുന്നു സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള വികസനതന്ത്രമാണ് പ്രതികൂല സാഹചര്യങ്ങളിൽ വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. തത്ഫലമായി മേൽ വിഷമസന്ധികളിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.